# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.552 — 10.03.2015-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കെ.ജയചന്ദ്രൻ** | **ശ്രീ.കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

### 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

| | | |
|---|---|---|
| (എ) | 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് സഭ പാസ്സാക്കിയ ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ എന്തൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ; | സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ 217-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ 94-ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, ഭരണാനുമതി ലഭിച്ച പദ്ധതികളിൽ 26-ഓളം എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. എന്നാൽ നാളിതുവരെയും യാതൊരു നടപടികളും സ്വീകരിക്കാത്ത 20 ഓളം പദ്ധതികളുമുണ്ട്. പ്രസ്തുത വർഷത്തെ പദ്ധതികളിൽ ഭരണാനുമതി നൽകിയവയുടെയും നാളിതുവരെ ഭരണാനുമതി നൽകാത്തവരുടെയും വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| (ബി) | നാളിതുവരെ ഭരണാനുമതി നൽകാത്ത നിർദ്ദേശങ്ങൾ; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കിയിട്ടില്ലാത്തവ; ഖജനാവിൽ നിന്നും നാളിതുവരെ പണം ചെലവഴിക്കപ്പെട്ടിട്ടില്ലാത്തവ; നടപ്പിലാക്കേണ്ടതില്ലെന്ന് പിന്നീട് തീരുമാനിച്ച നിർദ്ദേശങ്ങൾ; എന്നിവയുടെ വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | |
| (സി) | ബഡ്ജറ്റ് നിർദ്ദേശത്തെത്തുടർന്ന് നൽകിയ ഭരണാനുമതികൾ എത്ര; 2015 ജനുവരി 1 ന് ശേഷം ഭരണാനുമതി നൽകിയവ എത്ര? | |

Sreekumar

സെക്ഷൻ ഓഫീസർ

## അനുബന്ധം

**2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭരണാനുമതി നൽകിയ പ്രധാന പദ്ധതികൾ**

**വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**

| |
|---|
| നിലവിൽ 20/- രൂപ മുഖവിലയുള്ള 4 പ്രതിവാര ഭാഗ്യക്കുറികളുടെ വില 30/- രൂപയായി വർദ്ധിപ്പിക്കുകയും വ്യാഴാഴ്ച നറുക്കെടുപ്പ് നടത്തിയിരുന്ന പ്രതീക്ഷ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്ന് മാറ്റി മുഖവില 40/- രൂപയിൽ നിന്നും 50/- രൂപയായി വർദ്ധിപ്പിച്ചു. |
| കാരുണ്യ പ്ലസ് ലോട്ടറിയുടെ വരുമാനം കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജഡ്ജിയുടെ നേതൃത്വത്തിലുള്ള ഏകാംഗ കമ്മീഷനെ നിയമിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. |
| വാണിജ്യ നികുതി വകുപ്പിന്റെ പാലക്കാട് ജില്ലയിലെ അഡീഷണൽ കോംപ്ലക്സിന്റെ നിർമ്മാണം. |
| സ്റ്റാമ്പ് വെണ്ടേഴ്സിന് നിലവിൽ അനുവദിച്ചിട്ടുള്ള വില്പന പരിധി അമ്പതിനായിരം രൂപയായി ഉയർത്തി |
| മണലിയിൽ അയ്യൻകാളി സെന്റർ ഫോർ റിസർച്ച് സ്റ്റഡീസ് നിർമ്മിച്ചു. |
| ധനകാര്യ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം |
| Made in Kerala - Safe to eat എന്ന ബ്രാൻഡിന്റെ ഉൽപ്പന്നങ്ങൾ CII യു മായി ചേർന്ന് വിപണിയിൽ അവതരിപ്പിക്കും |
| Global Agri Meet Angamaly യിൽ സംഘടിപ്പിച്ചു |
| കർഷക നൈപുണ്യ അവാർഡ് |
| കേരളത്തെ ഹൈ-ടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തുന്ന പദ്ധതി |
| കേരള ഐ.റ്റി മിഷന്റെ സഹായത്തോടെ വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് സർക്കാർ ഉദ്യോഗസ്ഥർ, അധ്യാപകർ, കർഷകർ, വിദ്യാർത്ഥികൾ, തൊഴിലാളികൾ, എന്നിവർക്ക് സേവനങ്ങൾ ഓൺലൈനായി നൽകുന്നത് |
| തിരുവനന്തപുരത്ത് ടെക്നോപാർക്കിലെ State Data Centre നവീകരണം |
| പൊതുജനങ്ങൾക്ക് ഓൺലൈനായി സേവനങ്ങൾ ലഭ്യമാക്കുന്ന സർവ്വീസ് പ്ലസ് പദ്ധതി |
| തിരുവനന്തപുരത്ത് ടെക്നോപാർക്കിലെ State Data Centre നവീകരണം |
| തിരുവനന്തപുരം ഗവ. ആയുർവേദ ആശുപത്രിയിൽ പ്രത്യേക വൃദ്ധ ജന പരിപാലന കേന്ദ്രം ആരംഭിച്ചു |
| തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിച്ചു |
| കമ്മ്യൂണിറ്റി കോളേജ് പദ്ധതി |
| എഞ്ചിനീയറിംഗ് കോളേജിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ആരംഭിക്കൽ |
| രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഡയറക്ടറേറ്റ് രൂപീകരിച്ചു |
| K.S.R.T.C- ക്ക് ആധുനിക സംവിധാനങ്ങളുള്ള ഗാരേജ് നിർമ്മാണം |
| K.S.R.T.C യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വത്ക്കരണം /ഇ- ഗവർണൺസ് |
| K.S.R.T.C- യുടെ പ്രതിസന്ധി അഭിമുഖീകരിക്കുന്നതിന് നൽകിയ അധിക പാക്കേജ് |

Sreekumar.AL

സെക്ഷൻ ഓഫീസർ

| |
|---|
| |
| **2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രധാന പദ്ധതികൾ** |
| **വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്** |
| AGE പദ്ധതിയുടെ കീഴിൽ ജില്ലാ ആശുപത്രികളിൽ ജറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കൽ |
| USHUS പദ്ധതി |
| കൊച്ചിയിൽ ഒരു കാൻസർ സെന്റർ ആരംഭിക്കൽ |
| കോന്നി താലൂക്കാശുപത്രിയിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കൽ |
| കളമശ്ശേരി എച്ച്.എം.റ്റി കവലയിലും, കടുങ്ങല്ലൂർ മുപ്പത്തടം കവലയിലും കുന്നുകരയിലും ഓരോ ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കൽ |
| രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ് |
| ജില്ലാ കൃഷി വിജ്ഞാന കേന്ദ്രങ്ങളിലേയ്ക്ക് സാങ്കേതിക വിദ്യാ കൈമാറ്റം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി |
| സർവ്വകലാശാലകളെയും കോളേജുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള് ഓൺലൈൻ ഭരണ സംവിധാനം കൊണ്ടു വരാനുള്ള പദ്ധതി |
| എം.ജി. യൂണിവേഴ്സിറ്റിയിൽ പി.സി ചാക്കോ ചെയർ സ്ഥാപിക്കൽ |
| ശ്രീ. നാരായണക്കുറുപ്പിന്റെ പേരിൽ ഒരു പുതിയ സ്പോർട്സ് സ്കൂൾ ആരംഭിക്കൽ |
| വിക്ടേഴ്സ് ചാനലിന് കോട്ടയത്ത് ഡി.ഡി ഓഫീസ് കെട്ടിടത്തിൽ ഒരു മേഖലാ സ്റ്റുഡിയോ സ്ഥാപിക്കൽ |
| എൽ.പി.ജി, രാസപദാർത്ഥങ്ങൾ ആസിഡുകൾ, ദ്രവ ക്ലോറിൻ പോലുള്ള അപകടകരമായ ചരക്കുകൾ ജലമാർഗ്ഗം വഴി കടത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തൽ |
| തിരുവനന്തപുരം നഗരത്തിൽ തെരെഞ്ഞെടുക്കപ്പെട്ട ജനസാന്ദ്രതയേറിയ സ്ഥലങ്ങളിൽ സുരക്ഷ ഉദ്ദേശിച്ചുകൊണ്ടുള്ള 'ഉത്തരവാദിത്തമുള്ള സുരക്ഷ പദ്ധതി' |
| മുൻ മുഖ്യമന്ത്രി ശ്രീ. അച്ചുതമേനോന്റെ പേരിലുള്ള പഠനകേന്ദ്രം |
| 6 ജില്ലകളിൽ ട്രൈബൽ ക്യുക്ക് റിയാക്ഷൻ ടീം എന്ന പേരിൽ സ്പെഷ്യൽ ടീം രൂപീകരിക്കൽ |

Sreekumar

സെക്ഷൻ ഓഫീസർ